പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 303 | 09.03.2015-ൽ മറുപടിയ്ക്ക്

## നാഷണൽ ഗെയിംസ് ഉദ്യോഗസ്ഥർക്ക് ചെലവായ തുക

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.ശിവൻകുട്ടി | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | 35-ാം നാഷണൽ ഗെയിംസിന്റെ സി.ഇ.ഒ., പ്രിൻസിപ്പൽ കോ-ഓർഡിനേറ്റർ എന്നിവർ ശമ്പളം/അലവൻസ്/ഓണറേറിയം /ടി.എ/ഡി.എ/മറ്റിനങ്ങൾ- എന്നിങ്ങനെ വിവിധ ഇനങ്ങളിൽ കൈപ്പറ്റിയ തുക, ഇനം, തസ്തിക എന്നിവ തിരിച്ച് ലഭ്യമാക്കുമോ; | (എ) & (ബി) | 35-ാം ദേശീയ ഗെയിംസ് നടത്തിപ്പിനായി രൂപീകരിച്ച ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായിരുന്ന ശ്രീമതി.എം.എസ്.ജയ ഐ.എ.എസ് 2009 നവംബർ മുതൽ 2010 ജൂൺ വരെ ശമ്പളവും അലവൻസുമായി 2,36,718/- രൂപയും യാത്രാബത്തയായി 21,960/- രൂപയും കൈപ്പറ്റിയിട്ടുണ്ട്.<br><br>2010 ജൂൺ മുതൽ 2012 ഒക്ടോബർ വരെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ചാർജ്ജ് വഹിച്ചിരുന്ന ഡോ.അമിത് മല്ലിക് ഐ.എഫ്.എസ് യാത്രാബത്തയായി 2,60,938/- രൂപ കൈപ്പറ്റിയിട്ടുണ്ട്.<br><br>2012 ഒക്ടോബർ 15 മുതൽ ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും ചീഫ് കമ്മീഷണർ ആന്റ് പ്രിൻസിപ്പൽ കോ-ഓർഡിനേറ്ററുമായി പ്രവർത്തിച്ചുവരുന്ന ശ്രീ.ജേക്കബ്ബ് പുന്നൂസ് ഐ.പി.എസ്(റിട്ട.) 2015 ഫെബ്രുവരി 15 വരെ ശമ്പളവും അലവൻസുമായി 33,28,560/- രൂപയും, യാത്രാബത്തയിനത്തിൽ 1,11,815/- രൂപയും കൈപ്പറ്റിയിട്ടുണ്ട്. |
| (ബി) | മേൽപ്പറഞ്ഞ ഓരോരുത്തരും കൈപ്പറ്റിയ ആകെ തുക വെവ്വേറെ ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ